സംസ്ഥാന സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

2 [180] *ശ്രീ. മത്തായി ചാക്കോ:*

,, *രാജു എബ്രഹാം:*

,, *വി. കെ. ചന്ദ്രൻ:*

,, *കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക നിലയെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് ട്രഷറികളിലെ ദൈനംദിന ഇടപാടുകളെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്;

(സി) സർക്കാർ നൽകുന്ന ചെക്കുകളും ബില്ലുകളും ട്രഷറിയിൽ നിന്നും മാറ്റിക്കൊടുക്കുന്നതിന് ഇപ്പോൾ നിയന്ത്രണം ഉണ്ടോ;

(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബില്ലുകളും ചെക്കുകളും ട്രഷറിയിൽ നിന്ന് മാറ്റുന്നതിന് യാതൊരു നിയന്ത്രണവുമില്ലാത്ത എത്രദിനങ്ങൾ ഉണ്ടായിരുന്നു. അവ ഏതെല്ലാം മാസങ്ങളിൽ എത്രദിനം വീതമായിരുന്നു;

(ഇ) സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ മൂലകാരണം എന്താണ്;

(എഫ്) 2001 മെയ് മാസത്തിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത എത്ര കോടി രൂപയായിരുന്നു. അതിപ്പോൾ എത്ര കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്;

(ജി) 2005-2006 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം കടം എത്ര കോടിയായി വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് പൂർണ്ണമായും തരണം ചെയ്തിട്ടില്ല. വെയ്സ് ആന്റ് മീൻസ് അഡ്വാൻസ്, ഓവർഡ്രാഫ്റ്റ് എന്നീ സൗകര്യങ്ങൾ തുടർച്ചയായി ഉപയോഗിക്കാൻ നിർബന്ധിതമാകുന്നു.

(ബി) ട്രഷറികളിൽ നിന്നുള്ള പേയ്മെന്റുകൾക്ക് പരിധി ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ടെന്നതല്ലാതെ മറ്റൊരു നടപടിയും എടുക്കേണ്ടി വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. ഇത് 10-15 വർഷമായി നിലവിലുള്ളതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) മുൻകാലങ്ങളിലെ കുടിശ്ശിക കൊടുത്തു തീർത്തതിനാലും വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചതുകൊണ്ടും മുൻകാലങ്ങളെ അപേക്ഷിച്ച് ഉയർന്ന വാർഷിക പദ്ധതി നടപ്പിലാക്കേണ്ടതിനാലും സർക്കാരിന്റെ പദ്ധതി/പദ്ധതിയേതര ചെലവിൽ വൻ വർദ്ധനവുണ്ടായി. കൂടാതെ ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിൽ നൽകേണ്ടുന്ന ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിനെല്ലാമനുസൃതമായി വരുമാനത്തിൽ വർദ്ധനവുണ്ടാകാത്തതാണ് ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കുള്ള മൂലകാരണം. എന്നാൽ ഒരു സാമ്പത്തിക പ്രതിസന്ധി നിലവിലില്ല.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ കണക്കു പ്രകാരം 31-3-2001-ൽ പൊതു കടം 23,919 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറൽ നൽകിയ താത്കാലിക കണക്കു പ്രകാരം 30-4-2005-ൽ പൊതുകടം 42,588.60 കോടി രൂപയാണ്.

(ജി) 2005-2006 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

ചെലവ് ചുരുക്കൽ

3 [181] *ശ്രീ. യു. സി. രാമൻ:*
. സി. മോയിൻകുട്ടി:
. സി. മമ്മൂട്ടി:
. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെലവ് ചുരുക്കൽ സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ചെലവ് ചുരുക്കൽ ഉത്തരവുകൾ പാലിച്ചതു കൊണ്ട് ഖജനാവിനുണ്ടായ നേട്ടം എത്രയാണ്;

(സി) ചെലവ് ചുരുക്കൽ ഉത്തരവ് ലംഘിക്കുന്നവർക്ക് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന ശിക്ഷാ നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചെലവ് ചുരുക്കലിന്റെ ഭാഗമായി തസ്തിക സൃഷ്ടിക്കൽ നിരോധിച്ചുകൊണ്ടും, ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly